Mr. T. V. Subramania Ayyar *(Nemmara):* Even if a tap connection is not given, the well has to be deepened. There is real difficulty for the children, and the water supplied by one waterman will not be sufficient.

Rao Sahib I. N. Menon *(Director of Public Instruction):* The construction of a new school building is being undertaken and along with that the question of deepening the well will also be taken up.

MANAGEMENT OF SIRKAR SCHOOLS—HANDING OVER TO PRIVATE AGENCIES

111. മിസ്റ്റർ എ. എൽ. ആൻറണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടിൽ നിന്നും ദയവായി മറുപടി പറയുമോ.—

(എ) സെറ്റിൽമെൻറിനു ശേഷം എത്ര സ്കൂൾ സ്കൂളുകൾ വിട്ടു കിട്ടണമെന്നു പ്രൈവറ്റ് ഏജൻസികൾ ആവശ്യപ്പെട്ടിട്ടുണ്ട്;

(ബി) ഏതെല്ലാം ആണ് ഇതുവരെ വിട്ടുകൊടുത്തിട്ടുള്ളത്;

(സി) ഏതെല്ലാമാണ് വിട്ടുകൊടുക്കാത്തത്;

(ഡി) എന്തുകൊണ്ടാണ് ബാക്കി സ്കൂളുകൾ വിട്ടുകൊടുക്കാത്തത്;

(ഇ) സ്കൂളുകൾ വിട്ടുകൊടുക്കുന്നതിനെപ്പറ്റി ഗവൺമെണ്ട് പോളിസി എന്താണ്?

റാവു സാഹിബ് ഐ. എൻ. മേനോൻ:

(എ) പത്ത്.

(ബി) മാപ്രാണം മലയാളം സ്കൂൾ.

(സി) (i) ചൂണ്ടൽ മലയാളം സ്കൂൾ.
(ii) കുറൂർ ടി ടി.
(iii) വില്ലേടം ടി ടി.
(iv) പനംകുറ്റിച്ചിറ ടി.
(v) പെരിങ്ങോട്ടുകര ടി.
(vi) പുത്തൻപീടിക ടി.
(vii) കുഴൂർ ടി ടി.
(viii) ഞാറക്കൽ പെൺപള്ളിക്കൂടം.
(ix) പുത്തൻപീടിക ടി ടി.

(ഡി) വിട്ടുകൊടുക്കേണ്ട ആവശ്യമുണ്ടെന്നു ഗവൺമെണ്ടിനു തോന്നാത്തതു കൊണ്ട്.

(ഇ) വ്യവസ്ഥാപിതമായ ഒരു പോളിസി ഇല്ല. ഓരോ അപേക്ഷയും അതിൻറെ ഗുണദോഷങ്ങളെ നോക്കി തീരുമാനിക്കും.

മിസ്റ്റർ എ. എൽ. ആൻറണി: എന്താണ് ഈ ഗുണദോഷങ്ങൾ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ് ഐ. എൻ. മേനോൻ : ഓരോന്നിന്റെയും ഗുണവും ദോഷവും എല്ലാം വിവരിക്കാൻ നിവൃത്തിയില്ല. ചില ദിക്കുകളിൽ സ്കൂളുകൾ നടത്താമെന്നു പറയുന്നവർ അതിനു തുണിയുള്ളവരായിരിക്കുകയില്ല, അവക്കു വിട്ടുകൊടുക്കാൻ നിവൃത്തിയില്ല. വേറെ ചില ദിക്കുകളിൽ ചിലക്കു വിട്ടുകൊടുത്താൽ സാമുദായികമായ വഴക്കുകൾ ഉണ്ടാകാനും ഇടയുണ്ട്. ഇങ്ങനെയുള്ള പല കാരണങ്ങളുമുണ്ട്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : സർവ്വെ റിപ്പോർട്ടിനു ശേഷം പ്രൈവറ്റ് സ്കൂളുകൾ സർക്കാരിലേക്കു എടുക്കണമെന്നപേക്ഷ കിട്ടീട്ടുണ്ടോ ?

റാവുസാഹിബ് ഐ. എൻ. മേനോൻ : ഉണ്ട്.

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ : കൂടുതൽ സ്കൂൾ ഗവമെന്റിൽനിന്നു വിട്ടുകൊടുക്കാൻ പാടില്ലെന്നു ഒരു മാസ്പെറീഷൻ കിട്ടീട്ടുണ്ടോ ?

റാവുസാഹിബ് ഐ. എൻ. മേനോൻ : നോട്ടീസ്സ് വേണം.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : സാമുദായികവിപത്തുകൾ എന്നു പറഞ്ഞതു് എന്താണു് ?

റാവുസാഹിബ് ഐ. എൻ. മേനോൻ : സാധാരണയായി ഒരു വില്ലേജിലുള്ള ജനങ്ങൾ സൌഹാർദ്ദമായി ജീവിക്കുന്നുണ്ടെങ്കിൽ ഇതു കഴിഞ്ഞാൽ പിന്നെ രണ്ടോ, മൂന്നോ കക്ഷികളായിത്തീരും. അതിനു ഗവമെന്റു് വഴിയുണ്ടാക്കേണ്ട എന്നുവെച്ചാണു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : സർക്കാർ സ്കൂളുകൾ എയിഡഡ് സ്കൂളുകളാക്കിയാൽ ഗവമെന്റിന്റെ ചിലവിൽ കുറവു വരുകയില്ലേ ?

റാവുസാഹിബ് ഐ. എൻ. മേനോൻ : ഉവ്വു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : എത്ര ശതമാനം കുറവു വരും ?

റാവുസാഹിബ് ഐ. എൻ. മേനോൻ : അതു് ഓരോ സ്കൂളിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി വേണം പറയാൻ. ചില സ്കൂളുകളിൽ അദ്ധ്യാപകന്മാർ കുറവുണ്ടായിരിക്കും. ചില സ്കൂളുകളിൽ കൂടുതലുണ്ടായിരിക്കും. അതുകൊണ്ടു കുറവു വരുന്ന സംഖ്യ തുല്യമായിരിക്കുകയില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ജനറൽ ആയിട്ടു് എത്ര ശതമാനം കുറവു വരുമെന്നാണു് ചോദിച്ചതു്.

Rao Sahib I. N. Menon *(Director of Public Instruction)* : Roughly about 30%.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : എയിഡഡ് സ്കൂളുകളെ ഗവമെന്റിലേക്കു എടുക്കുന്നതിനെപ്പറ്റിയും ഗവമെന്റു സ്കൂളുകളെ പ്രൈവറ്റ് എജൻസികൾക്കു വിട്ടുകൊടുക്കുന്നതിനെപ്പറ്റിയും എന്തെങ്കിലും ഡെഫനിറ്റ് പാളിസിയുണ്ടോ ?

റാവുസാഹിബ് ഐ. എൻ. മേനോൻ : രണ്ടു കാര്യത്തിലും സ്ഥിരമായ പാളിസി ഒന്നുമില്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : പ്രൈവറ്റ് സ്കൂളുകൾ ഗവമെന്റിലേക്കു എടുക്കുവാൻ വല്ല ഉത്തരവും നിലവിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ് ഐ. എൻ. മേനോൻ : അങ്ങിനെയൊന്നുമില്ല.

മിസ്റ്റർ സി. വി. ഇയ്യു : വാക്സിനേഷൻപോലെ ഗവമ്മെണ്ടിന്റെ പ്രധാനമുതലയല്ല പ്രാഥമികവിദ്യാഭ്യാസം നിർവ്വഹിക്കുന്ന കാര്യമെന്നു ഗവമ്മെണ്ടു ധരിച്ചിട്ടില്ലേ ?

റാവുസാഹിബ് ഐ. എൻ. മേനോൻ: പ്രാഥമികവിദ്യാഭ്യാസം ഗവമ്മെണ്ടിന്റെ പ്രധാനമുതലയാണെന്നു ധരിച്ചിട്ടുണ്ടു്. പക്ഷെ അതു് വാക്സിനേഷൻപോലെയാണോ എന്നു നിശ്ചയമില്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : സർക്കാർ സ്കൂളുകൾ പ്രൈവറ്റു് ഏജൻസികൾക്കു വിട്ടുകൊടുത്താൽ ചില ദുഷ്പ്രവൃത്തികളുണ്ടാകുമെന്നും സ്കൂളുകൾക്കു ദോഷം വരാതിരിക്കുന്നതിനാണു് ആവക സ്കൂളുകൾ വിട്ടുകൊടുക്കാത്തതെന്നും പറഞ്ഞു.

റാവുസാഹിബ് ഐ. എൻ. മേനോൻ : എല്ലാ കേസ്സുകളിലും അങ്ങിനെയുണ്ടാകുമെന്നു് പറഞ്ഞില്ല. ചില കേസ്സുകളിൽ അങ്ങിനെ ചില ദുഷ്പ്രവൃത്തികൾ ഉണ്ടാകാൻ ഇടയുണ്ടു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : പ്രൈവറ്റു സ്കൂളുകൾ പ്രൈവറ്റു ഏജൻസികൾ തുടർന്നു നടത്തുന്നപക്ഷം അവിടെ സ്കൂളുകൾ ക്രമേണ ഇല്ലാതാകുമെന്നു ബഹുമാനപ്പെട്ട ഗവമ്മെണ്ടിലേക്കു അറിവു കിട്ടുന്നതായാൽ ആവക സ്കൂളുകൾ ഗവമ്മെണ്ടിലേക്കു എടുത്തു നടത്തേണ്ടതു് ഗവമ്മെണ്ടിന്റെ കടമയാണെന്നു ധരിച്ചിട്ടുണ്ടോ ?

റാവുസാഹിബ് ഐ. എൻ. മേനോൻ : സൌകര്യം നോക്കി ആ കാര്യം തീർച്ചയാക്കുകയാണു് പതിവു്.

CHERAPARAMBA—SANCTION FOR PRIMARY SCHOOL

112. Mr. K. R. Viswambharan *(Ezhuvas-Talappalli):* Will the Government be pleased to state.—

(*a*) whether the Government are aware that children of school-going age who reside in Cheraparamba in Chundal village, Talappalli Taluk are deprived of any convenience to attend educational institutions ;

(*b*) whether there is any school in Cheraparamba ;

(*c*) whether the Government have received any request from the people of Cheraparamba to start or give sanction to start a Lower Primary School there ;

(*d*) whether their request has been sanctioned ; if no what was the reason for not sanctioning the request ;

(*e*) will the Government be further pleased to print and place on the table of the House copy of petition, dated 17th Chingam 1115 from the inhabitants of Cheraparamba read as first paper in the Proceedings

LIBRARY ARCHIVES Kerala Legislative Assembly